## ഡാമേജസ് 25% ആയി കുറവ് ചെയ്തതിൽ തെറ്റില്ല

### കേരള ഹൈക്കോടതി

W.A. No. 404/2014 Dt. 12.3.2018

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്
ഓർഗനൈസേഷൻ
x
പോസ്ഡ്സാർ പ്ലാന്റേഷൻസ്

നിരവധി തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനത്തിന് ഇ.പി.എഫ്. നിയമം ബാധകമാണ്. വളരെ കാലതാമസം വരുത്തിയാണ് സ്ഥാപനം വിഹിതമടച്ചത്. കുടിശിക അടച്ചു തീർന്നതിനു ശേഷം ഡാമേജസ് ചുമത്തിക്കൊണ്ട് ഇ.പി.എഫ്. കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു. ചുമത്തപ്പെട്ട ഡാമേജസ് വളരെ വലിയ തുകയായതിനാൽ അത് അടയ്ക്കാൻ സ്ഥാപനം തയ്യാറായില്ല. ഇ.പി.എഫ്. കമ്മീഷണറുടെ ഉത്തരവ് ചോദ്യം ചെയ്തുകൊണ്ട് സ്ഥാപനം ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഇ.പി.എഫ്. കമ്മീഷണർ ചുമത്തിയ ഡാമേജസിന്റെ 25% മാത്രം സ്ഥാപനം അടച്ചാൽ മതിയെന്ന് സിംഗിൾ ബഞ്ച് ഉത്തരവിട്ടു. ഇതിനെതിരെ ഇ.പി.എഫ്. ഓർഗനൈസേഷൻ ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. ഡാമേജസ് ചുമത്തുന്ന കാര്യത്തിൽ ഇ.പി.എഫ്. അധികൃതർക്ക് വിവേചനാധികാരമില്ലെന്നും ചുമത്തിയ തുക കുറയ്ക്കാനാവില്ലെന്നും ഇ.പി.എഫ്. ഓർഗനൈസേഷൻ വാദിച്ചത് ഡിവിഷൻ ബഞ്ച് അംഗീകരിച്ചില്ല. ഇ.പി.എഫ്. അധികൃതർക്കുള്ള അധികാരം കടിഞ്ഞാണില്ലാത്തതല്ലെന്നും പരിമിതികളുള്ളതാണെന്നും ആ അധികാരം വിവേകപൂർവ്വം ഉപയോഗിക്കേണ്ടതാണെന്നും ഡാമേജസ് ചുമത്താൻ തീരുമാനിച്ചാൽ അത് നിയമാനുസൃതമായിരിക്കണമെന്നും ഡിവിഷൻ ബഞ്ച് ഓർമ്മിപ്പിച്ചു. ചുമത്തപ്പെട്ട ഡാമേജസ് സിംഗിൾ ബഞ്ച് 25 ശതമാനമായി കുറച്ചതിൽ തെറ്റില്ലെന്നു കണ്ട ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെ വിധി ശരിവയ്ക്കുകയും ഇ.പി.എഫ്. ഓർഗനൈസേഷന്റെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.